8. കണ്ണൂർ -ഊട്ടി

9. കണ്ണൂർ മൈസൂർ-പാനൂർ

10. കണ്ണൂർ കാസർഗോഡ്-മംഗലാപുരം

11. കണ്ണൂർ മെർക്കറാ-കൂത്തുപറമ്പ്

(ബി) ഇല്ല. സർവ്വീസിന് അനുയോജ്യമായ ബസ്സുകളാണ് അന്തർസംസ്ഥാന റൂട്ടുകളിൽ ഓടിക്കുന്നത്.

(സി) ഉണ്ട്.

(ഡി) അറ്റകുറ്റപണികൾക്കായി പിടിക്കുന്ന ദിവസങ്ങൾ ഒഴികെ മറ്റെല്ലാ ദിവസവും കൃത്യമായി ഓടിക്കുന്നുണ്ട്.

മിനി ബസ് പെർമിറ്റിന് ഏകീകൃത നിയമം ബാധകമാക്കാൻ നടപടി

60 [3574] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന മിനി ബസ്സുകളിൽ എത്രപേർ ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കാമോ;

(ബി) 7500 കിലോഗ്രാമിൽ താഴെയുള്ള മിനി ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് സംസ്ഥാനത്ത് നിരോധനമേർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) 7500 കിലോഗ്രാമിൽ താഴെ തൂക്കമുള്ള മിനി ബസ്സുകൾ കെ.എസ്. ആർ.ടി.സി. ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) 23-2-2004-ന് ചേർന്ന കോഴിക്കോട് ആർ. ടി. എ. യോഗം മിനി ബസ്സ് സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) എസ്.ടി.എ. തീരുമാനപ്രകാരം 4 ചക്ര മിനി ബസ്സുകൾ 6 ചക്ര മിനി ബസ്സുകളാക്കി മാറ്റിയിട്ടും, കോഴിക്കോട് ഇത്തരം മിനി ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി കൊടുക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇങ്ങനെ പെർമിറ്റ് പുതുക്കികൊടുക്കാത്ത എത്ര മിനി ബസ്സുകൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ജി) ഇത്തരം മുഴുവൻ മിനി ബസ്സുകൾക്കും പെർമിറ്റ് പുതുക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ വിഷയത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ജെ) മിനി ബസ്സുകൾക്ക് പെർമിറ്റ് പുതുക്കുന്നകാര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ നിയമമാണ് നിലനിൽക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(കെ) ഇത് ഏകീകരിക്കുന്നതിനു സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 7423 തൊഴിലാളികൾ.

(ബി) വയനാട്, കോഴിക്കോട് ജില്ലകൾ ഒഴികെ സംസ്ഥാനത്ത് 7500 കിലോഗ്രാമിന് താഴെയുള്ള മിനിബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(സി) 305 മിനി ബസ്സുകൾ.

(ഡി) ഉണ്ട്. 7500 കിലോഗ്രാം വരെ രജിസ്റ്റേർഡ് ലേഡൻവെയ്റ്റ് ഉള്ള ലൈറ്റ് മോട്ടോർ വാഹന സ്റ്റേജ്കാര്യേജുകളുടെ അൺലേഡൻ വെയ്റ്റ്, രജിസ്റ്റേർഡ് ലെഡൻ വെയിറ്റ്, ടയർ, സയ്ഡ് പാസഞ്ചർ കപ്പാസിറ്റി മുതലായ സാങ്കേതിക വശങ്ങളെപ്പറ്റി പഠിച്ചതിൽ ഇത്തരം വാഹനങ്ങളിൽ ആളുകൾ കയറിക്കഴിയുമ്പോൾ യാത്രക്കാരുടെ ഉൾപ്പെടെയുള്ള വാഹനത്തിന്റെ മൊത്തം ഭാരം ആ വാഹനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള രജിസ്റ്റേർഡ് ലേഡൻ വെയ്റ്റിനേക്കാൾ കൂടുതൽ ആകുന്നുണ്ട് എന്നും ആയത് പൊതുജന സുരക്ഷയ്ക്ക് ഭീഷണി ആകുന്നുവെന്നും കാണുകയുണ്ടായി. ഇത്തരം വാഹനങ്ങളുടെ അപകടതോതുകൂടി കണക്കിലെടുക്കുകയും ആയതിൻ പ്രകാരം 7500 കി. ഗ്രാം. വരെ രജിസ്റ്റേർഡ് ലേഡൻ വെയ്റ്റുള്ള വാഹനങ്ങൾക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്റ്റേജ് വാഹന പെർമിറ്റുകൾ നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

(1) 31-3-2004-നുശേഷം ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് സ്റ്റേജ് കാര്യേജ് വാഹന പെർമിറ്റ് നൽകുന്നതല്ല.

(2) നിലവിലുള്ള ലൈറ്റ് മോട്ടോർ വെഹിക്കിൾ, സ്റ്റേജ് കാര്യേജ് പെർമിറ്റുകൾ, പെർമിറ്റ് കാലാവധി തീരുന്ന ദിവസമോ അതിനുമുമ്പോ, കാലാവധി തീരുന്ന തീയതിക്ക് 6 മാസത്തിനുള്ളിൽ മീഡിയം/ഹെവി സ്റ്റേജ് വാഹനങ്ങൾ കൊണ്ട് റീപ്ലെസ് ചെയ്യണമെന്നും മേൽപ്പറഞ്ഞ കാലാവധിക്കുള്ളിൽ താൽക്കാലിക പെർമിറ്റ് നൽകുന്നതാണെന്നും തീരുമാനിച്ചു.

(ഇ) ഉണ്ട്.

(എഫ്) കോഴിക്കോട്--8

വടകര---10

വയനാട്---3

LIBRARY ARCHIVES Kerala Legislative Assembly

(ജി) നാട്പാക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(എച്ച്) ഉണ്ട്.

(ഐ) നാട്പാകിന്റെ വിദഗ്ദ്ധ അഭിപ്രായം ആരായുകയും അവരുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇതു സംബന്ധിച്ച് വിശദമായി പഠിച്ചുകൊണ്ടിരിക്കുകയാണ്.

(ജെ) ഈ കാര്യത്തിൽ വിവിധ ജില്ലകളിലെ വിവിധ ആർ.ടി.എ. കൾ വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(കെ) തീരുമാനങ്ങൾ ഏകീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമല്ല. പരാതിയുള്ളപക്ഷം എസ്. ടി. എ., ടി. എ.യോ, ബഹു. ഹൈക്കോടതിയെയോ സമീപിക്കാവുന്നതാണ്.

തൃത്താല മണ്ഡലത്തിലൂടെയുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

61 [3575] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, പൊന്നാനി, തൃശ്ശൂർ, ഗുരുവായൂർ ഡിപ്പോകളിൽ നിന്നായി തൃത്താല അസംബ്ളി മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ. ടി.സി. ബസ്സുകൾ എത്ര;

(ബി) ഇപ്പോൾ എത്ര സർവ്വീസുകൾ നിലവിലുണ്ട്;

(സി) മറ്റു ബസ്സുകൾ നിർത്തൽ ചെയ്യാൻ കാരണമെന്ത് എന്ന് അറിയിക്കാമോ;

(ഡി) അവ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 സർവ്വീസുകൾ നടത്തിയിരുന്നു.

(ബി) 28 സർവ്വീസുകൾ നിലവിലുണ്ട്.

(സി) വരുമാനം തീരെ കുറവായതിനാലാണ് നിർത്തൽ ചെയ്യേണ്ടി വന്നത്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കണ്ണൂർ-നാദാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കാൻ നടപടി

62 [3576] *ശ്രീ. കെ. വി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly